ശ്രീ രാം ചന്ദ്ര മിഷൻ®

# ഇക്കോസ് ഇന്ത്യ

ജൂലായ് 2008 സ്വകാര്യ പ്രചരണതിനു മാത്രം വോല്യം 1 ലക്കം 4

പ്രിയപ്പെട്ട സഹോദരി സഹോദരന്മാരെ പ്രണാമം!

ഇന്ത്യ വാർത്താപത്രികയെ പുനർനാമകരണം ചെയ്ത് “ഇന്ത്യയുടെ പ്രതിധ്വനി” എന്നാക്കിയ വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളട്ടെ. ലോകമെമ്പാടു നിന്നും പ്രസിദ്ധീകരിക്കുന്ന നമ്മുടെ മിഷൻെറ എല്ലാ വാർത്താപത്രികകൾക്കും സമാനമായ പേരുണ്ടാകണം എന്നതിനാലാണ് പുനർനാമകരണം ആവശ്യമായി വന്നത്..

കുട്ടികൾക്കും യുവജനങ്ങൾക്കുമുള്ള പരിപാടികളാൽ സജീവമായിരുന്നു രാജ്യത്തെ ഒട്ടുമിക്ക ആശ്രമങ്ങളും അവധിക്കാലത്ത്. ഓരോ പ്രദേശത്തെയും തിരഞ്ഞെടുക്കപ്പെട്ട ആശ്രമങ്ങളിൽ വച്ചു ബാബുജിയുടെ ജന്മദിനാഘോഷ പരിപാടികൾ നടത്തിയിരുന്നു. അമ്പതു ദിവസം നീണ്ടുനിന്ന, പഴയകാല സോവ്യറ്റ് രാജ്യങ്ങളിലേക്കും (സി.ഐ.എസ്), യൂറോപ്യൻ രാജ്യങ്ങളിലേക്കുമുള്ള മാസ്റ്ററുടെ പര്യടനം, മാനവരാശിയെ സഹജ മാർഗ്ഗത്തിൻെറ കുടക്കീഴിൽ കൊണ്ടു വരുന്നതിനുള്ള അദ്ദേഹത്തിൻെറ പ്രതിബദ്ധതയെ നമ്മെ വീണ്ടും ഓർമ്മിപ്പിക്കുന്നതായിരുന്നു. മേൽപ്പറഞ്ഞ പരിപാടികളെകുറിച്ചും ജൂലായിൽ ലക്നൗവിൽ നടക്കാനിരിക്കുന്ന മാസ്റ്ററുടെ ജന്മദിനാഘോഷത്തിൻെറ ഒരുക്കങ്ങളെപറ്റിയുമാണ് ഈ ലക്കത്തിൽ മുഖ്യമായും പ്രതിപാദിച്ചിരിക്കുന്നത്.

.സപ്തംബർ ലക്കത്തിൽ ഉൾപെടുത്താനുള്ള വാർത്തകളും ലേഖനങ്ങളും ലഭിക്കേണ്ട അവസാന തീയ്യതി 2008 ആഗസ്റ്റ് 10 ആണ്. ലേഖനങ്ങൾ, ഫോട്ടോ സഹിതം 100–150 വാക്കുകൾ കവിയാതെ, സോണൽ ഇൻ-ചാർജ് വഴി അയക്കേണ്ടതാണ്.

ആദരപൂർവ്വം,

പ്രസാധകർ







## മാസ്റ്ററുടെ പര്യടനങ്ങൾ – ഏപ്രിൽ, മെയ് 2008

### ഡൽഹി



മാസ്റ്റർ ഏപ്രിൽ 19–നു ലക്നോവിൽ നിന്ന് ഡൽഹിയിൽ എത്തിച്ചേർന്നു. മാസ്റ്ററുടെ സന്ദർശനത്തോടനുബന്ധിച്ച് ഗുർഗാവോണിലെ ആശ്രമത്തിൻെറ നവീകരണ പ്രവർത്തനം ഊർജ്ജിതമാക്കുകയും അദ്ദേഹത്തിൻെറ വരവിനോടടുപ്പിച്ച് പൂർത്തീകരിക്കുകയും ചെയ്തു.

ഇപ്പോൾ ഈ ആശ്രമത്തിന് പുതിയ ഒരു മുഖഛായയാണ് ഉള്ളത്. നവീകരിച്ചതും വിപുലീകരിച്ചതുമായ ധ്യാന മന്ദിരം, മാസ്റ്ററുടെ കോട്ടേജ്, അടുക്കളയോടും സ്റ്റോർ മുറിയോടും കൂടിയ ഭക്ഷണശാല, പുതിയ ടോയ്ലെറ്റുകൾ, സിമൻറ് റോഡുകൾ പിന്നെ പച്ച വിരിച്ച പുൽ മൈതാനങ്ങൾ എന്നിവയോടു കൂടിയതാണ് പുതിയ ആശ്രമം.



മാസ്റ്ററുടെ കോട്ടേജിൻെറ ഉദ്ഘാടനം ഏപ്രിൽ 20–നു അദ്ദേഹം നിർവഹിച്ചു. തൻെറ വസതിക്കു മുൻ വശത്തുള്ള പച്ചപ്പരവതാനി വിരിച്ചതു പോലുള്ള പുൽത്തകിടി അദ്ദേഹത്തിന് ഇഷ്ടപ്പെട്ടു. ഉദ്ഘാടനത്തിൻെറ ഓർമയ്ക്കായി അദ്ദേഹം രണ്ടു തൈകൾ നടുകയുണ്ടായി.

സത്സംഗത്തിനുശേഷം അഭ്യാസികളോടു സംസാരിച്ചും, നവജാത ശിശുക്കളുടെ നാമകരണം നടത്തിയും, കുട്ടികൾക്ക് മധുര പലഹാരങ്ങൾ വിതരണം ചെയ്തും, സ്വയം സേവകർക്ക് സമ്മാനങ്ങൾ നൽകിയും മാസ്റ്റർ സമയം ചെലവഴിച്ചു. അന്നത്തെ പരിപാടികളിൽ സഹോദരി രഞ്ചനയുടെ ഭജനകൾ എടുത്തു പറയത്തക്കതായിരുന്നു.



### ദുബായ്

മാസ്റ്ററുടെ വിദേശ പര്യടനങ്ങളുടെ തുടക്കം ദുബായിൽ നിന്നായിരുന്നു. കാരണം അദ്ദേഹം ദൈർഘ്യം കുറഞ്ഞ സഞ്ചാരങ്ങൾക്കാണ് പ്രാധാന്യം നൽകിയിരുന്നത്.



ഏപ്രിൽ 22–നു സഹോദരൻ അജയ് ഭട്ടറോടും പിന്നെ ഇന്ത്യയിൽ നിന്നുള്ള 25–ൽ പരം അഭ്യാസികളോടും കൂടി മാസ്റ്റർ ഡൽഹിയിൽ നിന്നും ദുബായിലേക്ക് യാത്ര തിരിച്ചു. അദ്ദേഹം അവിടെ ഒരു അഭ്യാസിയുടെ ഫ്ലാറ്റിലാണ് താമസിച്ചത്. ഫ്ലാറ്റിനു താഴെയുള്ള കമ്മ്യുണിറ്റി ഹാളിൽ സത്സംഗം നടത്തുകയും ചെയ്തു. അബുദാബിയിലെ മിഷൻ കേന്ദ്രത്തിലേക്ക് ഒരു ഹ്രസ്വ യാത്ര നടത്താൻ അദ്ദേഹം സമയം കണ്ടെത്തി. ഏപ്രിൽ 25–നു ദുബായിലെ ഇറാനിയൻ ക്ലബിൽ സന്നിഹിതരായിരുന്ന ഗൾഫ് നാടുകളിൽ (യു.എ.ഇ) നിന്നും എത്തിച്ചേർന്ന 350–ൽ പരം അഭ്യാസികൾക്കായി സത്സംഗം നടത്തുകയുണ്ടായി. ഒരു മണിക്കൂർ നീണ്ട ഗാഢമായ സത്സംഗത്തിൻെറ ഗുണമേന്മക്ക് കാരണമായ പ്രവർത്തനങ്ങൾ ചെയ്ത പ്രിസെപ്റ്റർമാരെ അദ്ദേഹം പ്രശംസിച്ചു. ഏപ്രിൽ 26–നു മാസ്റ്റർ മോസ്കോവിലേക്ക് യാത്ര തിരിച്ചു.

### പഴയ സോവ്യറ്റ് രാജ്യങ്ങളിലെ (സി.ഐ.എസ്) അഭ്യാസികൾക്ക് അദ്ദേഹത്തിൻെറ ദർശനാനുഗ്രഹം

ഏതാണ്ടു ഒരു ദശകത്തിനു ശേഷമുള്ള മാസ്റ്ററുടെ റഷ്യ, ബെലാറുസ് സന്ദർശനം സി.ഐ.എസ് (പഴയ കാല USSR, റഷ്യൻ ഭാഷ സംസാരിക്കുന്ന സ്ഥലങ്ങൾ) അഭ്യാസികളുടെ ഹൃദയം സന്തോഷപൂരിതമാക്കി. മോസ്കോവിലെ ക്ലിസ്മ പെൻഷ്നാറ്റിൽ ബാബുജി മഹാരാജിൻെറ ജന്മദിനാഘോഷ പരിപാടികളിൽ മാസ്റ്റർ പങ്കെടുത്തു. അദ്ദേഹം സന്തോഷത്തോടെ അവിടെ കൂടിയ 450–ഓളം അഭ്യാസികളുടെ ആധ്യാത്മിക ആവശ്യങ്ങൾ ശ്രദ്ധിച്ചു. യാത്രാ ക്ഷീണമോ, ശാരീരികാസ്വാസ്ഥതയോ, ജോലിത്തിരക്കോ വകവെയ്ക്കാതെ അദ്ദേഹം സന്തോഷത്തോടെ അഭ്യാസികളോട് സംസാരിക്കുകയും (പലപ്പോഴും ഒഴുക്കോടുകൂടിയ റഷ്യൻ ഭാഷയിൽ തന്നെ) സഹജ മാർഗ്ഗ തത്വങ്ങളെകുറിച്ച് വിവരിക്കുകയും ചെയ്തു. മോസ്കോവിൽ ഒരു ആശ്രമം/ധ്യാന മന്ദിരം – ത്തിനു വേണ്ട രൂപരേഖ തയ്യാറാക്കുകയും, അതിനുവേണ്ടുന്ന മൂലധനം അദ്ദേഹം നേരിട്ടു തന്നെ സ്വരൂപിക്കുകയും ചെയ്തു.

മോസ്കോവിൽ ഒരാഴ്ച്ച ചെലവഴിച്ചതിനുശേഷം മാസ്റ്റർ അടുത്ത അഞ്ചു ദിവസം മിൻസ്ക്, ബെലാറുസ് എന്നിവിടങ്ങളിലുള്ള സ്നേഹ സമ്പന്നരായ 250 ഓളം അഭ്യാസികളോടൊത്തു ചെലവഴിച്ചു. സഹോദരൻ ഇഗർ ഒനിഷ്ചെങ്കൊ നിർമ്മിക്കുന്ന യോഗ കേന്ദ്രത്തിനു മാസ്റ്റർ തറക്കല്ലിട്ടു. മിൻസ്കിലെ സഹജ മാർഗ്ഗ കേന്ദ്രത്തിൻെറ സത്സംഗത്തിനും മറ്റു പരിപാടിപകൾക്കും വേണ്ടി ഈ യോഗ കേന്ദ്രം ഉപയോഗപ്പെടുത്താവുന്നതാണ്.

ശാരീരിക അസ്വാസ്ഥ്യം കാരണം മാസ്റ്റർക്ക് മോസ്കോവിലെ അഭ്യാസികളുടെ സ്നേഹനിർഭരവും വർണ്ണശബളവുമായ കലാപരിപാടികൾ കാണുവാൻ സാധിച്ചില്ല. മിൻസ്ക് ആശ്രമത്തിൽ പ്രസന്നമായ കാലാവസ്ഥയിൽ ബെലാറുസ് അഭ്യാസികളുടെ നൃത്തസംഗീത പരിപാടികൾ ആസ്വദിച്ചുകൊണ്ട് മാസ്റ്റർ ആ കുറവു നികത്തി. വാസ്തവത്തിൽ മുഴുവൻ സമയവും എങ്ങും സുഖകരമായ കാലവസ്ഥയായിരുന്നു, മാസ്റ്ററുടെ രഷ്യൻ സന്ദർശനം ആഘോഷിക്കാനായി പ്രകൃതി ഒരുക്കിയതു

## യുറോപ്യൻ രാജ്യങ്ങളിലേക്ക്



പഴയകാല സോവ്യറ്റ് റിപ്പബ്ലിക്കായിരുന്ന, ബാൾട്ടിക്ക് രാജ്യങ്ങളിൽ ഒന്നായ, ലാത്വിയ ഇന്ന് യുറോപ്യൻ യൂണിയന്റെ ഭാഗമാണ്. കടൽത്തീര വിശ്രമ കേന്ദ്രമെന്ന് പേരുകേട്ട ലാത്വിയയുടെ തലസ്ഥാന നഗരമായ റീഗയിൽ നമ്മുടെ മിഷന്റെ ഒരു സെൻററുണ്ട്. 40 അഭ്യാസികളുള്ള ഇവിടെ ലളിതമായ രീതിയിലുള്ള ഒരു ധ്യാന മന്ദിരം ഉണ്ട്. രണ്ട് ദിവസത്തെ ഹ്രസ്വ സന്ദർശനത്തിനായി മേയ് 6–ാം തീയ്യതി മാസ്റ്റർ മിൻസ്കിൽ (ബലാറുസ്) നിന്നും ആകാശ മാർഗ്ഗം സഞ്ചരിച്ച് റീഗയിൽ എത്തിച്ചേർന്നു. കടലിനഭിമുഖമായുള്ള ഹോട്ടലിൽ തങ്ങിയിരുന്ന മാസ്റ്റർ തന്റെ മുറിയിൽ വച്ച് രണ്ട് സത്സംഗം നടത്തുകയുണ്ടായി.

കഠിനമായ പുറം വേദനയും കാലു വേദനയും ഉണ്ടായിരുന്നിട്ടുകൂടി യുറോപ്യൻ പര്യടനം തുടരാൻ തന്നെ മാസ്റ്റർ തീരുമാനിച്ചു. ഇതിനു മാസ്റ്റർ നൽകിയ ന്യായീകരണം ഇങ്ങനെയായിരുന്നു " ഒരാളുടെ പ്രശ്നങ്ങൾ കാരണം മറ്റെല്ലാവരും എന്തിന് ബുദ്ധിമുട്ടണം?"




ആരോഗ്യസ്ഥിതി കണക്കിലെടുത്ത് മാസ്റ്റർ തന്റെ യാത്രാപരിപാടികളിൽ മാറ്റം വരുത്തുകയും മൂന്നാഴ്ചത്തെ താമസത്തിനായി ഡെന്മാർക്കിലെ റാഡ്സ് സാൻഡെ ആശ്രമത്തിലേക്ക് പോകുകയും ചെയ്തു. ഇവിടെ വെച്ച് ഏതാനും ദിവസങ്ങൾ കൊണ്ട് തന്നെ മാസ്റ്ററുടെ ആരോഗ്യം മെച്ചപ്പെട്ടു. ഏകദേശം 1200–ഓളം യുറോപ്യൻ അഭ്യാസികൾ മാസ്റ്ററോടൊപ്പം കഴിയുവാനായി അവിടെ എത്തിച്ചേർന്നിരുന്നു. റാഡ്സ് മാസ്റ്റർക്ക് മറ്റൊരു ജന്മഗൃഹം പോലെയാണ്. അദ്ദേഹം പലപ്പോഴും അടുത്തുള്ള ചില സ്ഥലങ്ങളിലേക്കും ചിലപ്പോൾ ആശ്രമത്തിനകത്തു തന്നെ അടുക്കളയിലേക്കോ ഭക്ഷണശാലയിലേക്കോ അല്ലെങ്കിൽ ധ്യാന മന്ദിരം വരേയുമോ നടന്നു ചെല്ലാറുണ്ടായിരുന്നു. പലപ്പോഴായി അദ്ദേഹം വെളിയിൽ അഭ്യാസികളുടെ കൂടെ സമയം ചെലവഴിച്ചു. തന്റെ വസതിയുടെ പിറകിലിരുന്നുകൊണ്ട് മാസ്റ്റർ സത്സംഗം നടത്തുമ്പോഴെല്ലാം അഭ്യാസികൾ എല്ലായിടത്തും, ചെരിഞ്ഞ പ്രതലങ്ങളിൽ പോലുമിരുന്ന് പങ്കുകൊണ്ടു.

പിന്നീട് റാഡ്സ് സാൻഡെ ആശ്രമത്തെ അന്താരാഷ്ട്ര ആശ്രമമായി മാസ്റ്റർ പ്രഖ്യാപിച്ചു. അദ്ദേഹം ഈ വിഷയത്തെക്കുറിച്ചു ഒരു ലഘു പ്രഭാഷണം നടത്തുകയും എല്ലാ യുവതി യുവാക്കളെയും റാഡ്സ് സന്ദർശിക്കാൻ പ്രത്യേകം ക്ഷണിക്കുകയും ചെയ്തു.







എഴുപതോളം അഭ്യാസികൾക്കൊപ്പം റാഡ്സിൽ നിന്നും മാസ്റ്റർ കര മാർഗ്ഗം പാരീസിലേക്ക് യാത്ര തിരിച്ചു. 600–ഓളം കിലോമീറ്റർ യാത്ര ചെയ്ത്, നാലു രാജ്യങ്ങൾ പിന്നിട്ട് മേയ് 26–നു പാരീസിൽ എത്തിച്ചേർന്നു. നഗരത്തിലെ ഹോട്ടലിൽ തങ്ങിയ മാസ്റ്റർ 28–നു പാരീസ് ആശ്രമത്തിൽ വെച്ച് 200–ഓളം അഭ്യാസികൾക്കയി സത്സംഗം നടത്തി.

പിന്നീട് കാലെറ്റ് എന്ന സ്ഥലത്ത് ഒരഭ്യാസിയുടെ വസതിയിൽ മാസ്റ്റർ അഞ്ചു ദിവസം ചെലവഴിച്ചു. മലനിരകളുടെ സമീപത്തുള്ള ഈ വീട്ടിൽ മാസ്റ്റർക്കു വിശ്രമിക്കാനും ആരോഗ്യം വീണ്ടെടുക്കുവാനും സാധിച്ചു. എന്നിരുന്നാലും മോണ്ട്പീലിയർ സെൻററിലെ ആശ്രമം സന്ദർശിക്കാനും നൂറ്റമ്പതോളം അഭ്യാസികൾക്കായ് സത്സംഗം നടത്തുവാനും മാസ്റ്റർ സമയം കണ്ടെത്തി.



ആൽപ്സ് പർവ്വത നിര താണ്ടി 13 കിലോമീറ്റർ നീളം വരുന്ന ഒരു തുരങ്കവും കടന്ന് മാസ്റ്റർ ജൂൺ 5–നു ഇറ്റലിയിലെ മിലാനിൽ എത്തിച്ചേർന്നു. ഇടയ്ക്കുവച്ച് ആസ്റ്റ എന്ന സ്ഥലത്തെ മിഷൻ സെൻററിൽ യാത്ര നിർത്തുകയും അവിടെ നിന്നുള്ള ഇറ്റാലിയൻ ഉച്ച ഭക്ഷണം ആസ്വദിക്കുകയും ചെയ്തു. അടുത്ത ദിവസം പുതുതായി വാങ്ങിയ മിലാനിലെ ധ്യാന കേന്ദ്രം മാസ്റ്റർ ഉത്ഘാടനം ചെയ്യുകയും, അവിടെ അന്നും അതിനടുത്ത ദിവസവും സത്സംഗം നടത്തുകയും ചെയ്തു.

2008 ജൂൺ 8–നു മാസ്റ്റർ സോവ്യറ്റ് രാജ്യങ്ങളിലേക്കും യുറോപ്പിലേക്കുമുള്ള തന്റെ ചരിത്രപ്രാധാന്യമുള്ള പര്യടനം അവസാനിപ്പിച്ച് ദുബായിലേക്ക് ആകാശ മാർഗ്ഗം യാത്ര തിരിച്ചു. ജൂൺ 15–നു അദ്ദേഹം ദുബായിൽ നിന്നും ഇന്ത്യയിൽ തിരിച്ചെത്തും..

### എസ്.എം.എസ്.എഫ് റിട്രീറ്റ് സെൻറർ, മലമ്പുഴ

മലമ്പുഴയിലെ റിട്രീറ്റ് സെൻറർ 14.04.08 മുതൽ പ്രവർത്തനമാരംഭിച്ചു. ഇതു മിഷൻെറ ആദ്യത്തെ റിട്രീറ്റ് സെൻററാണ്, പൂനയിലുള്ള രണ്ടാമത്തെ സെൻററും പ്രവർത്തനമാരംഭിച്ചു.

ഈ സെൻററിൽ ഒരു സമയത്തു 48 അഭ്യാസികൾക്ക് താമസിക്കാനുള്ള സൗകര്യമുണ്ട്. താമസിക്കാനുള്ള ഹോസ്റ്റൽ പുരുഷന്മാർക്കും സ്ത്രീകൾക്കുമായി രണ്ടായി വേർതിരിച്ചിട്ടുണ്ട്. സാധ്യമാകുന്ന വിധത്തിൽ വയോധികരായ അഭ്യാസികളെതാഴത്തെ നിലയിൽ തന്നെ താമസിപ്പിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. അന്തേവാസികൾക്ക് കട്ടിലും കിടക്കയും കിടക്കവിരിയും നൽകുന്നതാണ്. സെൻററിലെ താമസം സൗജന്യമാണ്. ഒരു വ്യക്തിക്ക് 3 മുതൽ 30 ദിവസം വരെ താമസിക്കാവുന്നതാണ്. ദമ്പതിമാർക്ക് ഒരേ സമയത്ത് അന്തേവാസികളാവാൻ അനുവാദമില്ല. കുട്ടികൾക്ക് പ്രവേശനാനുമതിയില്ല.

ചേമ്പന ബസ്സ് സ്റ്റോപ്പിനടുത്തുള്ള കവ എന്ന സ്ഥലത്താണ് സെൻറർ സ്ഥിതി ചെയ്യുന്നത്. ഇത് മലമ്പുഴ ബസ്സ് സ്റ്റാൻറിൽ നിന്നും ഏകദേശം 6 കിലോ മീറ്റർ ദൂരത്താണ്. ഇവിടേക്ക് പാലക്കാട് ജംഗ്ഷൻ റെയിൽവെ സ്റ്റേഷനിൽ നിന്നും ഏകദേശം 15 കി.മീറ്ററും , പാലക്കാട് നഗരത്തിൽ നിന്നും ഏകദേശം 20 കി.മീറ്ററും, കോയമ്പത്തൂർ വിമാനത്താവളത്തിൽ നിന്നും 55 കി.മീറ്ററും ദൂരമുണ്ട്. പാലക്കാടു നിന്നും മലമ്പുഴയിലേക്ക് ബസ്സുകൾ സുലഭമാണ്. മലമ്പുഴയിൽ നിന്നും സെൻററിലെക്കു ടാക്സി, ജീപ്പ്, ഓട്ടോറിക്ഷ മുതലായവ ലഭ്യമാണ്. മലമ്പുഴയിൽ നിന്നും കവയിലേക്ക് ബസ്സ് സർവീസുണ്ട് പക്ഷെ അതെപ്പോഴുമില്ല. ബസ്സ് മാർഗ്ഗം വരുന്നവർ ചേമ്പന ബസ്സ് സ്റ്റോപ്പിലിറങ്ങി സെൻററിലേക്ക് നടക്കാവുന്നതാണ്. യാത്രക്കാരുടെ സൗകര്യത്തിനായി ചേമ്പന ബസ്സ് സ്റ്റോപ്പിലൊരു SMSF ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. സ്ഥലം തിരിച്ചറിയാനായി ചേമ്പന ബസ്സ് സ്റ്റോപ്പിനടുത്തുള്ള ട്രാൻസ്ഫോർമർ തിരിച്ചറിയൽ സൂചകമാണ്.

റിട്രീറ്റ് ദിനങ്ങൾ ബുക്ക് ചെയ്യുന്നതിനായി ദയവായി സന്ദർശിക്കുക:

http://sahajmarg.org/welcome/retreat/index.html




### 'Our Master' (അവർ മാസ്റ്റർ) മോസ്കോവിൽ പ്രകാശിതമായി

'അവർ മാസ്റ്റർ' എന്ന് നാമകരണം ചെയ്യപ്പെട്ട ഒരു പുസ്തകം പൂജ്യ മാസ്റ്ററാൽ 2008 ഏപ്രിൽ 30-നു മോസ്കോവിൽ വെച്ച് പ്രകാശനം ചെയ്യപ്പെട്ടു. ഈ പുസ്തകം പൂജ്യ മാസ്റ്ററോടൊപ്പം വളരെ വർഷം ചെലവഴിച്ച അഭ്യാസികളെഴുതിയ, അവരുടെ അവിസ്മരണിയ അനുഭവങ്ങളും ഭാവുകങ്ങളും വിവരിച്ചിട്ടുള്ള ലേഖന സമാഹാരമാണ്

## ലക്നൗ



ഏപ്രിൽ 16-ആം തിയ്യതി പൂജ്യ മാസ്റ്റർ ലക്നൗ സന്ദർശിച്ചു. ഉത്സവാന്തരീക്ഷത്തിൽ പുതിയതായി പണിത മാസ്റ്ററുടെ വസതിയുടെ ഉദ്ഘാടനം അദ്ദേഹം നിർവഹിച്ചു. രണ്ടേക്കർ വിസ്തൃതിയുള്ള സ്ഥലത്തു പണിത ഈ വസതിക്കു ചുറ്റും ധാരാളം പച്ചപ്പുണ്ട്. വിവിധ നഗരങ്ങളിൽ നിന്നും വന്ന 4000 അഭ്യാസികൾ ഈ ആഘോഷത്തിൽ പങ്കെടുത്തു.

## ജൂലൈ ആഘോഷങ്ങൾക്കുള്ള കൗണ്ട് ഡൗൺ

ലക്നൗവിൽ വെച്ചു നടക്കാനിരിക്കുന്ന പൂജ്യ മാസ്റ്ററുടെ ജന്മദിനാഘോഷത്തിനെക്കുറിച്ച് മാന്യ വായനക്കാരെ ഓർമ്മിപ്പിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ജന്മദിനാഘോഷത്തിനുള്ള ഒരുക്കങ്ങൾ തകൃതിയായി നടക്കുന്നു. ഇതിനകം രാജ്യത്തിൻെറ വിവിധ ഭാഗത്തുനിന്നുമുള്ള 25000-ൽ അധികം അഭ്യാസികൾ റജിസ്റ്റർ ചെയ്തു കഴിഞ്ഞു. ഇതു 35000 കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ലക്നൗ ആശ്രമം സീതാപുർ ഹർദൊയി ബൈ പാസ്സിൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറിനടുത്ത് 100 ഏക്കർ വിസ്തൃതിയുള്ള സ്ഥലത്താണ്. ആശ്രമത്തിലേക്ക് ലക്നൗ റെയിൽവെ സ്റ്റേഷനിൽ നിന്നും 20 കി.മീറ്ററും എയർപോർട്ടിൽ നിന്നു 25 കി.മീറ്ററും ദൂരമാണുള്ളത്. ഈ രണ്ടിടത്തു നിന്നും ആശ്രമത്തിലേക്കു അഭ്യാസികളെകൊണ്ടു പോകാനും തിരികെ വിടാനുമുള്ള സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്.

ജൂലൈയിൽ ചൂടും ഈർപ്പവുമുള്ള അന്തരീക്ഷമായതിനാൽ അഭ്യാസികൾ അവരുടെ സൗകര്യത്തിനായി വിശറി, കുട അല്ലെങ്കിൽ മഴക്കോട്ട് എന്നിവ കരുതണമെന്ന് അഭ്യർത്ഥിക്കുന്നു. 150,000 ച. അടി വിസ്തീർണമുള്ള ധ്യാനമന്ദിരവും 100,000 ച.അടി വിസ്തീർണമുള്ള പാചകശാലയും ഭക്ഷണശാലയും നനവേൽക്കാത്ത ടെൻടുകളാലാണ് നിർമ്മിക്കുന്നത്. ആംബുലൻസ് സർവ്വീസുള്ള മെഡിക്കൽ സെൻറർ, ബാങ്ക്, ഇൻറർനെറ്റ്, വിശാലമായ കാൻറീൻ, കുട്ടികളുടെ സെൻറർ (children's center), ബുക്ക് സ്റ്റോർ, റജിസ്ട്രേഷൻ കൗണ്ടർ തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുള്ള പ്രധാന സൗകര്യങ്ങളിൽപ്പെടുന്നു.

എല്ലാ അഭ്യാസി സഹോദരീ- സഹോദരന്മാർക്കുമുള്ള താമസ സൗകര്യം സൗജന്യമാണ്. കിടക്കകൾ വിൽപ്പനയ്ക്ക് ലഭ്യമായിരിക്കും. കൂടാതെ പരിമിതമായ അളവിൽ കുറച്ച് കിടക്കകൾ വാടകക്കും ലഭ്യമായിരിക്കും. കട്ടിൽ, കിടക്ക, കിടക്ക വിരികൾ, തലയിണ, കൊതുകു വല എന്നിവയോടുകൂടിയ കംഫർട് ഡോർമിറ്ററികളും ലഭ്യമാണ്.


വിവാഹിതരാവുന്ന അഭ്യാസികളുടെ കുടുംബങ്ങളുടെയും, വിവാഹ വാർഷികമാഘോഷിക്കുന്ന അഭ്യാസികളുടെയും സൗകര്യാർത്ഥം, പ്രഭാത ഭക്ഷണത്തിനും അത്താഴത്തിനുമായി പ്രത്യേക ഒരുക്കങ്ങളുണ്ടായിരിക്കുന്നതാണ്.

ആഘോഷത്തിനു മുൻപും ശേഷവുമുള്ള ജോലികൾക്കായി ധാരാളം വളൻറിയർമാരുടെ ആവശ്യമുണ്ട്. മൂവ്വായിരത്തിലധികം കുട്ടികളെപ്രതീക്ഷിക്കുന്നതിനാൽ അവരുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനായ് പരിശീലനം ലഭിച്ച വളൻറിയർമാരെ ആവശ്യമുണ്ട്. താൽപ്പര്യമുള്ള വളൻറിയർമാരുടെ പേരുകൾ mehrotrashyamji@yahoo.co.in-ലേക്ക് ഈമെയിൽ അയച്ചു തരുവാൻ എല്ലാ സെൻററുകളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

ഈ ജന്മദിനാഘോഷം ഒരു വമ്പിച്ച വിജയമാക്കാൻ നിങ്ങളോരോരുത്തരുടെയും സഹായവും സഹകരണവും ഞങ്ങൾക്ക് ആവശ്യമാണ്. നമുക്കെല്ലാവർക്കും ഈ മംഗളവേളഅവിസ്മരണീയമാക്കാം.

SRCM
ഇക്കോസ് ഇന്ത്യ
പ്രാദേശിക വാർത്തകൾ
ജൂലായ് 2008 സ്വകാര്യ പ്രചരണത്തിനു മാത്രം വോല്യം 1 ലക്കം 4

# ബാബുജിയുടെ 109–ാം ജന്മദിനാഘോഷങ്ങൾ



## മൈസൂർ

ഏപ്രിൽ 30–ാം തീയ്യതി മൈസൂർ, ഹാസ്സൻ, ഹുൻസൂർ, ഹാനൂർ, ചിക്ക്മംഗലൂർ, കൊല്ലെഗാൽ, ബാംഗ്ലൂർ, പെരിയപട്ടണ, കുശാൽനഗർ, ടി-നരസപുര, ചാമരാജനഗർ എന്നീ കേന്ദ്രങ്ങളിൽ നിന്നുമുള്ള 450–ഓളം അഭ്യാസികൾ പൂജ്യ ബാബൂജി മഹാരാജിൻെറ ജന്മദിനാഘോഷത്തിന് ഒന്നിച്ച് കൂടിയപ്പോൾ, മൈസൂർ ആശ്രമം ജീവോന്മുഖമായി.



രണ്ട് സത്സംഗങ്ങളിൽ പങ്കെടുത്തതു കൂടാതെ അഭ്യാസികൾ ആ ദിവസം വളരെ ഉപയോഗപ്രദമായി ചെലവഴിച്ചു. അവർ ബാബുജിയുടെ ജീവിതത്തെയും ദർശനത്തെയും കുറിച്ചുള്ള വീഡിയോ ദൃശ്യങ്ങൾ കണ്ടു. കൂടതെ സഹോദരി കൽപന നടത്തിയ ബാബുജി മഹാരാജിൻെറ ചിത്രങ്ങളുടെ പ്രദർശനവുമുണ്ടയി. ഇതേ വിഷയത്തെ കുറിച്ചു ഹുൻസൂർ അഭ്യാസികൾ പ്രശ്നോത്തരിയും നടത്തി. അതിനു ശേഷം കുട്ടികൾ അവതരിപ്പിച്ച പാട്ടുകൾ, പ്രാർത്ഥന, പ്രസംഗം, ലഘു നാടകം മുതലായവ ഉണ്ടായിരുന്നു. സഹജ മാർഗ്ഗത്തെയും മാസ്റ്റർമാരെയും കുറിച്ചുള്ള കുട്ടികളുടെ ഫലപ്രദമായ പ്രസംഗം വളരെ ഹൃദയ സ്പർശിയായിരുന്നു.

മാസ്റ്ററുടെ ആത്മീയ സാന്നിദ്ധ്യത്താൽ അന്തരീക്ഷം നിറഞ്ഞിരുന്നത് പ്രസ്താവ്യമാണ്. അവിടെ സന്നിഹിതരായിരുന്ന ഏവർക്കുമിതു ആധ്യാത്മികമായി പ്രയോജനം ചെയ്തു.

## ഉത്തര രാഖണ്ഡ്

ഹിമാലയസാനുക്കളിലുള്ള ഈ പ്രദേശം ബാബുജിയുടെ ജന്മദിനത്തിൽ അദ്ദേഹത്തിൻെറ നാമം പ്രതിധ്വനിപ്പിച്ചു. മിഷൻെറ ഹിമാലയത്തിലുള്ള പ്രമുഖ ആശ്രമമായ സത്കോലിൻെറ അടുത്തുള്ള കേന്ദ്രങ്ങളിൽ നിന്നും 140 അഭ്യാസികൾ കൂടിച്ചേർന്ന് ഈ ദിവസം ഭക്തിയോടും ഉത്സാഹത്തോടും കൂടി ആഘോഷിച്ചു. ഉത്തരാഖണ്ഡ് സംസ്ഥാനത്തിൻെറ തലസ്ഥാനമായ ഡെറാഡൂണിൽ സത്സംഗം, ഭജൻ, വീഡിയോ പ്രദർശനം, ബാബുജി മഹാരാജിൻെറ ജീവിതത്തെയും ശിക്ഷണത്തെയും പറ്റിയുമുള്ള പ്രസംഗങ്ങൾ മുതലായവ ഉണ്ടായിരുന്നു. റുർകീ, പിത്തോറാഘർ, ഹൽദ്വാനി, കാശിപൂർ മുതലായ മറ്റു കേന്ദ്രങ്ങളിലും ഈ ദിവസം വളരെ ഉത്സാഹപൂർവ്വം അഘോഷിച്ചു.

## കോലാപൂർ

കോലാപൂർ, മീറജ്, സത്താര, പൂന എന്നീ സ്ഥലങ്ങളിൽ നിന്നും ഉത്സാഹഭരിതരായ അഭ്യാസികൾ കോലാപൂരിൽ ഒത്തുചേർന്നിരുന്നു. ബൽഗാം, ഗുൽഭർഗ, ഗോണ്ടിയ എന്നിവിടങ്ങളിൽ നിന്നുള്ള കുറച്ച് അഭ്യാസികളും എത്തിയിരുന്നു.

ഈ ദിവസത്തെ രണ്ട് സത്സംഗങ്ങളുടെ ഇടയിൽ ബാബുജിയുടെ ജീവിതത്തെയും ദർശനത്തെയും കുറിച്ച് അഭ്യാസികൾ സംസാരിച്ചു. സഹോദരി നൂറിയും സഹോദരൻ ഗോപാലും അദ്ദേഹത്തിൻെറ ലൗകിക ജീവിതത്തെക്കുറിച്ചും, ലാലാജി മഹാരാജിൻെറ സംരക്ഷണയിൽ അദ്ദേഹത്തിനുണ്ടായ അദ്ധ്യാത്മിക ഉന്നതിയെപ്പറ്റിയും സംസാരിച്ചു. സഹോദരി ലത പാട്ടീൽ ബാബുജിയുടെയും അദ്ദേഹത്തിൻെറ പ്രധാന ശിഷ്യനായ നമ്മുടെ മാസ്റ്ററുമായുള്ള ബന്ധത്തെ കുറിച്ച് സംസാരിച്ചു. സഹോദരൻ എ.എൻ. കുൽകർണി, സഹോദരി അരുന്ധതി കാലെ, സഹോദരൻ സുധാകർ ജോഷി എന്നിവർ അവരവരുടെ ബാബുജി മഹാരാജുമായിട്ടുള്ള ഹൃദയസ്പർശിയായ അനുഭവങ്ങൾ വിവരിച്ചു.

സഹോദരി സ്നേഹ രാജൂരിക്കർ പാടിയ ഭക്തി ഭജനോടു കൂടി പരിപാടികൾ സമാപിച്ചു. എല്ലാ കേന്ദ്രങ്ങളിൽ നിന്നുമുള്ള അഭ്യാസികൾ ക്ഷീണം വകവെയ്ക്കാതെ പ്രവർത്തിക്കുകയും ഈ ആഘോഷം വാൻ വിജയമായെന്നു ഉറപ്പു വരുത്തുകയും ചെയ്തു.

## വഡോദര

ഗുജറാത്ത് സോണിനു വേണ്ടി വഡോദര കേന്ദ്രമാണു ആഘോഷങ്ങൾക്ക് ആതിത്ഥ്യം വഹിച്ചത്, ഏകദേശം 1300–ഓളം അഭ്യാസികൾ ഇതിൽ പങ്കുകൊണ്ടു. പ്രകൃതി ചാറ്റൽ മഴ കൊണ്ട് സ്നേഹാനുഗ്രഹങ്ങൾ പ്രദാനം ചെയ്തു. അഗാധതയിലേക്കു കൊണ്ടുപോയ നല്ല ഒരു സത്സംഗത്തിനു ശേഷം, ധ്യാനത്താൽ മൃദുലമായ ഹൃദയത്തെ “മാസ്റ്റേർസ് ചോയ്സ്” എന്ന ഡിവിഡിയിൽ നിന്നുമുള്ള സ്പർശിയായ സംഗീതം അലിയിച്ചു. പൂജ്യ മാസ്റ്റർ ഗോവയിൽ ഈയിടെ നടത്തിയ പ്രസംഗം ഒരു സന്ദേശമായി ഇംഗ്ലീഷിലും ഗുജറാത്തിയിലും വായിച്ചു.

മാസ്റ്ററുമായി സ്ഥായിയായ ഒരു ആന്തരിക ബന്ധം സ്ഥാപിക്കുന്നതിൻെറയും ധ്യാനത്തിലല്ലാത്ത സമയത്ത് മാസ്റ്ററുടെ സാമീപ്യം അനുഭവപ്പെടുന്നതിൻെറ ആവശ്യകതയെക്കുറിച്ചും സഹോദരൻ സുരേഷ് നിഷ്കർഷിച്ചു. ആത്മീയതയ്ക്ക് മുൻഗണന കൊടുക്കുന്നതിനെ പറ്റിയും ക്രിയാത്മകമായ പുരോഗതിക്ക് വേണ്ടിയുള്ള ഉത്സാഹം നമ്മളുടെ ഭാഗമായി ഉൾക്കൊള്ളുന്നതിനെ പറ്റിയും അദ്ദേഹം ഉദ്ബോധിപ്പിച്ചു. സഹോദരൻ രാജേന്ദ്ര രാത്തോറിൻെറ “സ്വയം സേവനം പുരോഗമനത്തിനായുള്ള ഉത്തമ പാത” എന്ന പ്രസംഗം 2008 ജൂലൈ ആഘോഷത്തിനു സ്വയം സേവനത്തിനായി പേരു നൽകുവാൻ അഭ്യാസികൾക്കു പ്രചോദനമായി.

ഉച്ച ഭക്ഷണത്തിനു ശേഷം ആനന്ദ്, അങ്കലേശ്വർ, ബാറുച്ച്, ഭാവനഗർ, വഡോദര എന്നീ കേന്ദ്രങ്ങൾ അവതരിപ്പിച്ച കലാപരിപാടികൾ കാണുന്നതിനായി അഭ്യാസികൾ ധ്യാന മന്ദിരത്തിൽ ഒത്തുകൂടി. അഭ്യാസികളും അവരുടെ കുട്ടികളും അവതരിപ്പിച്ച പാട്ട്, നൃത്തം, ലഘുനാടകം എന്നിവ ഉണ്ടായിരുന്നു.

സായാഹ്നകാല ഇടവേളയ്ക്ക് ശേഷം സഹോദരി സുമൻ ഡാവെ, സഹോദരൻ ഭരത് റാണ, സഹോദരൻ പുനീത് ലാൽഭായ് എന്നിവർ “സഹജ മാർഗ്ഗത്തിൻെറ വളർച്ചയിൽ സ്ത്രീകളുടെ പങ്ക്” എന്ന വിഷയത്തെ പറ്റിയും, “നിരന്തരമായ സാധന”യെ പറ്റിയും, “സഹജ മാർഗ്ഗത്തിൽ യുവജനങ്ങളുടെ പങ്ക്” എന്നതിനെപറ്റിയും യഥാക്രമം സംസാരിച്ചു. ഇതിനു ശേഷം ബാബുജി മഹാരാജിൻെറ യൂറോപ്പ് പര്യടനത്തെപ്പറ്റിയുള്ള വീഡിയൊ പ്രദർശനവും നടന്നു.



SRCM

# ഇക്കോസ് ഇന്ത്യ

പ്രാദേശിക വാർത്തകൾ

ജൂലായ് 2008 സ്വകാര്യ പ്രചരണത്തിനു മാത്രം വോല്യം 1 ലക്കം 4

## തുറന്ന സദസ്സുകൾ

### മംഗലാപുരം



2008 ഏപ്രിൽ 3-നു മംഗലാപുരത്തെ ചേതന സ്കൂളിൽ ഒരു തുറന്ന സദസ്സ് നടത്തി. വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്കു വേണ്ടിയാണ് പ്രധാനമായും ഇതു നടത്തിയത്. ഈ വിദ്യാലയത്തിൻെറ ട്രസ്റ്റി ഡോ.സബിതയുടെയും സെൻറർ ഇൻ ചാർജ്ജ് സഹോദരി ഗീത ആചാര്യയുടെയും പരിശ്രമത്താലാണ് ഈ പരിപാടി സംഘടിപ്പിച്ചത്.

SRCM പ്രിഫെക്റ്റും, ഉപ്പിനങ്ങാടിയിലുള്ള ഒരു കലാലയത്തിലെ അദ്ധ്യാപികയുമായ സഹോദരി വസന്തകുമാരിയാണ് സഭയെ അഭിസംബോധന ചെയ്തതും, ചോദ്യങ്ങൾക്കു ഉത്തരം നൽകിയതും. ഓരോരുത്തരെയും അവരുടെ ശക്തിയും ദൗർബല്യവും കണക്കിലെടുത്ത് എങ്ങനെ സ്വീകരിക്കാമെന്നും, സ്നേഹത്തിലധിഷ്ഠിതമായ സഹിഷ്ണുതയും ക്ഷമയും ഉണ്ടാകേണ്ടതിൻെറ ആവശ്യകതയും ചർച്ചാവിഷയങ്ങളായിരുന്നു. ജീവിതത്തിനാവശ്യമായ ശരിയായ മൂല്യങ്ങൾ ആധ്യാത്മീയത എങ്ങിനെ രൂപപ്പെടുത്തുന്നു എന്നതിനെ പറ്റി വിശദമായി സംസാരിച്ചു. പങ്കെടുത്ത മാതാപിതാക്കൾ പരിപാടിയെ ഉയർന്ന രീതിയിൽ വിലയിരുത്തി.

### കാർക്കല



സഹോദരൻ രാമാനന്ദ് ഭട്ടിൻെറ കാർക്കലയിലെ ആനേക്കരെയിലുള്ള വസതിയിൽ വെച്ച് മെയ് 18, 2008-നു നടന്ന തുറന്ന സദസ്സിൽ ഇരുപതോളം പേർ പങ്കെടുത്തു. മംഗലാപുരത്തിലെ സഹോദരി പുഷ്പ സഹജമാർഗ്ഗത്തെപ്പറ്റിയും അതു നമ്മുടെ ജീവിതത്തെ എങ്ങനെ സന്തുലിതമാക്കാൻ സഹായിക്കുന്നു എന്നതിനെപ്പറ്റിയും സംസാരിച്ചു. ഈ വിഷയങ്ങളെവേദങ്ങൾ, ഭഗവദ്ഗീത, ബുദ്ധമത തത്ത്വങ്ങൾ പിന്നെ ഭക്തി ഗാനങ്ങൾ എന്നിവയിൽ നിന്നുള്ള ഉദാഹരണങ്ങൾ കൊണ്ട് സമർത്ഥിച്ചു.

### ഉടുപ്പി

റോബോസോഫ്റ്റ് എന്ന സ്ഥാപനത്തിലെ നൂറോളം ഉദ്യോഗസ്ഥർക്ക് വേണ്ടി "മെച്ചപ്പെട്ട ജീവിതത്തിന് ധ്യാനത്തിൻെറ പങ്ക്" എന്ന വിഷയം അവതരിപ്പിക്കപ്പെടുകയുണ്ടായി . സഹോദരൻ രാമാനന്ദ് ഭട്ട് സഹജ മാർഗ്ഗ പദ്ധതിയെ പരിചയപ്പെടുത്തുകയും, മെച്ചപ്പെട്ട ജീവിതം നയിക്കുവാൻ വേണ്ടി സഹജ മാർഗ്ഗം എന്തൊക്കെയാണ് പ്രദാനം ചെയ്യുന്നത് എന്നതിനെ പറ്റി വിശദമായി സംസാരിക്കുവാൻ സഹോദരൻ മോഹനനെ ക്ഷണിക്കുകയും ചെയ്തു. ധ്യാനം, ധ്യാനത്തിൻെറ ചരിത്രം, ധ്യാനത്തിൻെറ ആവശ്യകത, മനുഷ്യൻെറ പരിണാമം, സഹജ മാർഗ്ഗം പ്രതിപാദിക്കുന്ന രാജ യോഗ എന്നിവയെ പറ്റി സഹോദരൻ മോഹൻ സംസാരിച്ചു.

സഹജമാർഗ്ഗത്തിലേക്കു വരുവാൻ താത്പര്യം പ്രകടിപ്പിച്ച നാൽപ്പത്തിനാലു പേർക്കായി ജൂൺ 9-നു പരിശീലനം തുടങ്ങുവാൻ ഉള്ള ഒരുക്കങ്ങൾ ചെയ്തു കൊടുത്തു.

## മുന്നോട്ടേയ്ക്കുള്ള ഒരു കാൽ വയ്പ്പ്

### ദാവൺഗരെ, കർണ്ണാടകം

പൂജ്യ മാസ്റ്ററുടെ അനുഗ്രഹത്തോടും അനുവാദത്തോടും കൂടി ദാവൺഗരെ ദൊഡബത്തി ഗ്രാമത്തിൽ 2 ഏക്കർ കൃഷി സ്ഥലം 24 ജൂണിൽ വാങ്ങിച്ചു. ഹരിഹർ ടൗണിൽ നിന്നും 8 കി.മി അകലെയാണു സ്ഥിതി ചെയ്യുന്നത്.

മേൽപറഞ്ഞ രണ്ട് സെൻറർകൾക്കും കൂടി പൊതുവായി ഒരാശ്രമമാണിവിടെ പ്രതീക്ഷിക്കപ്പെടുന്നത്. അഭ്യാസികൾക്കായ് വീട് നിർമ്മിക്കുന്നതിന് വേണ്ടി രണ്ടര ഏക്കർ ഭൂമി വാങ്ങുകയുണ്ടായി.

ഇവിടെ കാണുന്ന ചിത്രം ഈ സ്ഥലത്തിനടുത്തുള്ള കുന്നിൻെറ മുകളിൽ നിന്നും എടുത്തതാണ്. ചുവന്ന മഷി കൊണ്ട് 1 എന്നു അടയാളപ്പെടുത്തിയ സ്ഥലം മിഷൻെറയും 2 എന്നു അടയാളപ്പെടുത്തിയ സ്ഥലം അഭ്യാസി കോളനിക്കും വേണ്ടിയുള്ളതാണ്.




### ഷോലാപ്പൂർ (മഹാരാഷ്ട്ര) ആശ്രമത്തിനായുള്ള പ്രാരംഭപ്രവർത്തനങ്ങൾ



2003 ജൂലായ്-ലെ സന്ദേശത്തിൽ ബാബൂജി മഹാരാജ് ഇങ്ങനെ പറയുന്നു "വരാനിരിക്കുന്ന ദശാബ്ദങ്ങളിൽ ആശ്രമങ്ങളുടെ എണ്ണത്തിൽ വർദ്ധനയുണ്ടാകും. ഈ സംരംഭത്തെ ഞങ്ങൾ നോക്കിക്കാണുന്നത് അനുകൂല മനോഭാവത്തോടെയാണ് .വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ നിറവേറ്റുന്ന തരത്തിലുള്ള കെട്ടിടസമുച്ചയങ്ങൾ പണിയുന്നതായിരിക്കും ഏറ്റവും ഉചിതം."

സമയബന്ധിതമായ് ആശ്രമം പണി കഴിപ്പിക്കുന്നതിനായ് ഷോലാപൂർ സെൻററിലെ അഭ്യാസികൾ 1 1/2 ഏക്കർ സ്ഥലം വാങ്ങി മിഷന് സംഭാവന ചെയ്തു. മെയ് 29-നു നടന്ന ഈ പ്രവൃത്തി, ബാബൂജി മേൽപ്പറഞ്ഞ കാര്യത്തിലേക്ക് അവർ നടത്തിയ മറ്റൊരു കാൽവയ്പ്പായിരുന്നു. ഈ സ്ഥലം സ്ഥിതി ചെയ്യുന്നത് ഷോലാപ്പൂരിൽ നിന്നും 5 കി.മി. അകലെയുള്ള അക്കൽകോട്ട് റോഡിനടുത്താണ്.

മിഷൻെറ ജോയിൻറ് സെക്രട്ടറി സഹോദരൻ എ.പി. ദുരൈയും സോണൽ ഇൻ ചാർജ്ജ് സഹോദരൻ വൈദ്യയും രജിസ്ട്രേഷൻ സമയത്തു സന്നിഹിതരായിരുന്നു. അതിനു ശേഷം നടന്ന പരിപാടികളിൽ ഷോലാപ്പൂർ, ബർഷി, ഉസ്മാനാബാദ്, ലത്തൂർ, ആസ എന്നിവിടങ്ങളിൽ നിന്നും ഉള്ള അഭ്യാസികൾ പങ്കെടുത്തു. ഈ സ്ഥലത്തിൽ ആദ്യമായിട്ടു പ്രിസപ്റ്ററായിരുന്ന സഹോദരി അനസൂയ രാമചന്ദ്രൻെറ സാന്നിധ്യം ശ്രദ്ധാർഹമായിരുന്നു.

## വേനൽക്കാല ക്യാമ്പുകൾ

### ബാംഗ്ലൂർ

ബനശങ്കരി ആശ്രമത്തിൽ 2008 മെയ്–24 ശനിയാഴ്ച നടത്തിയ വേനൽ ക്യാമ്പിൽ 3 മുതൽ 18 വയസ്സ് വരെയുള്ള 40 കുട്ടികൾ പങ്കെടുത്തു. മാതാപിതാക്കളും സ്വയംസേവകരും ഇതിനു വേണ്ട എല്ലാ സഹകരണവും നൽകി. സ്വയം പരിചയപ്പെടുത്തലോടെ അന്നത്തെ പരിപാടികൾ ആരംഭിച്ചു. യോഗാസനത്തിനു ശേഷം കുട്ടികളെഅവരുടെ പ്രായം അനുസരിച്ച്, 20 പേർ അടങ്ങുന്ന രണ്ട് ഗ്രൂപ്പായി തിരിച്ചു. തുടർന്ന് അവർ വിവിധ കളികളിൽ ഏർപ്പെട്ടു. ബുദ്ധിക്ഷമതയും, ആശയവിനിമയശേഷിയും പരീക്ഷിക്കുന്ന കളികൾ ഇതിൽ എടുത്ത് പറയേണ്ടതാണ്. കൈയ്യുടെ അച്ച് പ്ലാസ്റ്റർ ഓഫ് പാരീസിൽ തീർത്തശേഷം അതിൻ ചായം കൊടുത്ത് കുട്ടികൾ തങ്ങളുടെ കരവിരുത് തെളിയിച്ചു. അസംസ്കൃത വസ്തുക്കളിൽ നിന്ന് പുതിയ ഉപകരണങ്ങൾ ഉണ്ടാക്കുക, നായയും എല്ലും(ഒരു തരം കളി), പാട്ട്, ക്രിക്കറ്റ് എന്നിവയലും കുട്ടികൾ തന്നെ അപ്പോൾ വിഭാവനം ചെയ്ത കളികളിലും അവർ മുഴുകി. സമഗ്രമായ സമീപനത്തിലൂടെ VBSE അംഗങ്ങൾ മൂല്യങ്ങളെപറ്റി കുട്ടികൾക്കയി വിവരിച്ചു കൊടുത്തു. കുട്ടികൾക്കുള്ള ഭക്ഷണപദാർത്ഥങ്ങളുടെ തിരഞ്ഞെടുപ്പിനും പ്രത്യേക പ്രാധാന്യം നൽകപ്പെട്ടിരുന്നു. ഉച്ചഭക്ഷണത്തിനു മുമ്പുള്ള ഊർജ്ജദായകമായ പാനീയവും ഐസ്ക്രീമും മധ്യാഹ്നത്തിനു ശേഷമുള്ള ഫ്രൂട്ട് സലാഡും എല്ലാം





തന്നെ ഉന്മേഷകരവും സമ്പുഷ്ടവും ആനന്ദകരവുമായ ദിവസം കുട്ടികൾക്ക് സമ്മാനിച്ച

### തിരുവനന്തപുരം

തിരുവനന്തപുരം (കേരളം) സെൻറർ ഏപ്രിൽ 20നു നടത്തിയ പരിപാടിയിൽ 52 കുട്ടികൾ (അഭ്യാസികളുടെ കുട്ടികളായി 12 പേർ മാത്രമേ ഉണ്ടായിരുന്നുള്ളു) അവരുടെ മാതാപിതാക്കളോടൊപ്പം പങ്കെടുത്തു. സ്വയംസേവകർ വീടുവീടാന്തരം സന്ദർശിച്ച് ആളുകളെപ്രത്യേകം ക്ഷണിക്കുകയായിരുന്നു. കഥ പറയാനും, ചിത്രം വരയ്ക്കാനും, ചായമിടാനും, കളികളിൽ ഏർപ്പെടാനും കുട്ടികൾ ഉത്സാഹിച്ചു. അനാവശ്യമായ ധനസമാഹരണത്തിൻെറ വ്യർത്ഥതയേക്കുറിച്ച് വിവരിക്കുന്ന മനോഹരമായ ഒരു നാടകം അഭ്യാസികളുടെ കുട്ടികൾ അവതരിപ്പിച്ചു.

എല്ലാവർക്കും വിഭവസമൃദ്ധമായ സദ്യ ഒരുക്കിയിട്ടുണ്ടായിരുന്നു. കുട്ടികൾ അവരുടെ കളികളിൽ മുഴുകിയിരുന്നപ്പോൾ മാതാപിതാക്കൾ സഹജ മാർഗ്ഗ ധ്യാന പദ്ധതിയെക്കുറിച്ചും, ആധ്യാത്മികതയെക്കുറിച്ചുമുള്ള ഒരു ലഘുവിവരണം ശ്രവിച്ചു. ഇതിനു ശേഷം പലരും പരിശീലനം തുടങ്ങാൻ താൽപര്യം പ്രകടിപ്പിച്ചു.





### അഹമ്മദാബാദ്

അഹമ്മദാബാദിൽ കുട്ടികൾക്കുള്ള വേനൽക്കാല ക്യാമ്പുകൾ എല്ലാ വർഷവും കൃത്യമായി നടന്നുവരുന്നു. അത്തരത്തിലുള്ള നാലാമത്തെ ക്യാമ്പ് ഇക്കൊല്ലം മെയ് 26 മുതൽ 29 വരെ നടന്നു. ക്യാമ്പിൽ 34 കുട്ടികൾ പങ്കെടുത്തു. കുട്ടികളുടെ സർഗാത്മകമായ കഴിവുകളെപുറത്ത് കൊണ്ടുവരാൻ ഉതകുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കുക, പുതിയ സൗഹൃദങ്ങൾക്കു വേദിയൊരുക്കുക എന്നിവയായിരുന്നു ലക്ഷ്യം.

കഥാരചന, നിധി കണ്ടെത്തൽ, കരകൗശല നിർമ്മാണം, മൺപാത്ര നിർമ്മാണം, പ്രശ്നോത്തരി എന്നിവയായിരുന്നു കാര്യ പരിപാടികൾ. തുടർന്ന് നടന്ന വിനോദ യാത്രയിൽ ഇസ്കോൺ ക്ഷേത്രത്തിലെ ശ്രീക്രിഷ്ണ ലീലകൾ വിവരിക്കുന്ന ചിത്രങ്ങളും, സുന്ദരവനം പാർക്കിലെ പാമ്പുകളുടെ ജീവിത രീതിയെപ്പറ്റി മനസ്സിലാക്കലും കുട്ടികൾക്ക് നന്നേ ബോധിച്ചു. അവസാന ദിവസം അവർ പാത്രങ്ങൾ കഴുകാൻ വരെ ഒരു ശ്രമം നടത്തി. ഭക്ഷണവും ജലസമ്പത്തും സംരക്ഷിക്കുന്നതിനെക്കുറിച്ച് സംഘാടകർ അവരെ ബോധവൽക്കരിച്ചു.പ്രകൃതിയേയും ആവാസ വ്യ്വസ്ഥയെയും കുറിച്ചുള്ള അവബോധം വളർത്തൽ സൃഷ്ടിപരമായ കഴിവുകൾ ആർജ്ജിക്കൽ എന്നിവയൊക്കെയായിരുന്നു ഈ ക്യാമ്പിൻെറ നേട്ടങ്ങൾ.





### നഞ്ജൻഗുഡ്

മൈസൂരിനടുത്തുള്ള ഒരു ചെറിയ പട്ടണമാണ് നഞ്ജൻഗുഡ്. ഇവിടെ തുടർച്ചയായ മൂന്നാം വർഷം നമ്മുടെ മിഷൻെറ സ്വയം സേവകരാൽ സംഘടിപ്പിക്കപ്പെടുന്ന സ്കൂൾ കുട്ടികൾക്കായുള്ള ഒരു മാസം നീണ്ടുനിൽക്കുന്ന അവധിക്കാല ക്യാമ്പ് ഏപ്രിൽ 13–നു ആരംഭിച്ചു. ശ്രീനീലകണ്ഠേശ്വര എഡ്യുക്കേഷൻ സൊസൈറ്റി സ്കൂളിൽ വച്ച് ദിവസവും രാവിലെ 9 മണി തൊട്ട് ഉച്ചയ്ക്ക് 12 മണി വരെയായിരുന്നു പരിപാടി.



രാവിലെ മിഷൻെറ പ്രാർത്ഥനയോടെ കാര്യപരിപാടികൾ ആരംഭിച്ചു. പിന്നീട് ചായമിടൽ, കരകൗശല നിർമ്മണം, പാട്ട്, പ്രശ്നോത്തരി തുടങ്ങിയ പരിപാടികൾ അരങ്ങേറി. പല സ്കൂളുകളിൽ നിന്നും, അടുത്തുള്ള ഗ്രാമങ്ങളിൽ നിന്നുമുള്ള 150–ഓളം കുട്ടികൾ ഇതിൽ പങ്കെടുത്തു. കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ മാതാപിതാക്കൾക്കായി പ്രദർശിപ്പിച്ചിരുന്നു. മെയ് 11–നു നടന്ന സമാപന ചടങ്ങിൻെറ ഉദ്ഘാടനം ബാംഗ്ലൂരിൽ നിന്നും എത്തിയ സഹോദരൻ പ്രഭാകർ നിർവഹിച്ചു. മൈസൂരിൽ നിന്നുള്ള സഹോദരൻ ശ്രിനിവാസ്, സഹോദരി രത്ന ഭട്ടചാർജി (സ്കൂളിൻെറ പ്രധാന അദ്ധ്യാപിക) എന്നിവർ ചടങ്ങിൽ മുഖ്യാതിഥികളായിരുന്നു. ആധുനികതയുടെ അതിപ്രസരം നിമിത്തം മൂല്യച്ച്യുതി സംഭവിച്ച ഈ സമൂഹത്തിൽ അത് പുനസ്ഥാപിക്കുന്നതിനുള്ള ഉത്തമ സമയമാണിതെന്ന് അധ്യക്ഷനായിരുന്ന കെ. ബി. സോമശേഖർ തൻെറ പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു.

## കൗമാരകാർക്ക് ഒരു ഇടവേള – അഹമ്മദാബാദ്

കൗമാരപ്രായക്കാർ ജീവിതത്തിൽ പ്രതിസന്ധി ഘട്ടത്തിലൂടെ കടന്നു പോവുകയും ജീവിതത്തിൽ ആശയക്കുഴപ്പം നിറഞ്ഞ സൂചനകൾക്ക് വശംവദരാവുകയും ചെയ്തു കൊണ്ടിരിക്കുകയാണ്. മൂല്യാധിഷ്ഠിത ജീവിതത്തിൻെറ ആവശ്യകതയെ കുറിച്ച് അറിയുവാനായി അഹമദാബാദ് കേന്ദ്രത്തിലെ 19 കൗമാര പ്രായക്കാർ മെയ് 24–നും 25–നും അവിടുത്തെ പ്രാദേശിക ആശ്രമത്തിൽ ഒരു ശിൽപശാലയിൽ പങ്കെടുക്കുകയുണ്ടായി. കൂട്ടായ്മയിലൂടെയുള്ള പഠനമായിരുന്നു ശിൽപശാലയുടെ ലക്ഷ്യം. ശിൽപശാലയിൽ പങ്കെടുത്തവർ തന്നെ സ്വയം കാര്യപരിപാടികൾ തയ്യാറാക്കുകയും അത് ഓരോരുത്തർക്കായി വിഭജിച്ച് നൽകുകയും ചെയ്തു. ബിസിനസ്സിൻെറ വിവിധ കാര്യങ്ങളുടെ നടത്തിപ്പ് (ലോജിസ്റ്റിക്സ്), ധനകാര്യം, മൂല്യനിർണയം എന്നിവ ഇതിൽ ഉൾപ്പെട്ടിരുന്നു.

പ്രായോഗിക ജീവിതത്തിലെ സംഭവങ്ങൾ ശിൽപശാലയിൽ പങ്കെടുത്തവർ ലഘു നാടക രൂപേണ അവതരിപ്പിച്ചു. കോപം, പരിക്ഷീണത, അധമ വികാരങ്ങൾ തുടങ്ങിയവയെ നിയന്ത്രിക്കേണ്ടതിൻെറ ആവശ്യകതയെ പറ്റിയുള്ളതായിരുന്നു ഈ സൃഷ്ടികൾ. ധനം എങ്ങനെ വിനിയോഗം ചെയ്യാം എന്നതിനെ അധികരിച്ച് കൗമാരക്കാർ നടത്തിയ പരിപാടിയായിരുന്നു ഏറ്റവും ആവേശകരമായത്. ഒരു മാസത്തെ ചെലവിനായി പതിനായിരം രൂപയുണ്ടെങ്കിൽ അത് എപ്രകാരം വിനിയോഗം ചെയ്യും എന്നതായിരുന്നു ഈ പരിപാടിയിൽ അവർ ചെയ്യേണ്ടിയിരുന്നത്. ഇത് അവരെ പണത്തിൻെറ മൂല്യത്തെ കുറിച്ചും മാതാപിതാക്കളുടെ സാമ്പത്തിക പരിമിതികളെകുറിച്ചും മനസ്സിലാക്കുവാൻ സഹായിച്ചു. കൂടാതെ ഇതവരെ "അവശ്യവും" "ആവശ്യവും" തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാനും സഹായിച്ചു.

മിഷൻ ബുക്കുകളുടെയും പത്രികകളുടേയും വായനയ്ക്കുശേഷം ധാർമ്മികത, അച്ചടക്കം, സത്യം തുടങ്ങിയ വിഷയങ്ങളെകുറിച്ച് ചാർട്ടുകളുടെ സഹായത്തോടെയുള്ള ഒരു പ്രദർശനവും ഉണ്ടായിരുന്നു. ജീവിതത്തിലെ പ്രധാനപ്പെട്ട കാര്യങ്ങളെഒരു കളിയിലൂടെ എടുത്തുകാട്ടി.

ഡോ. ജിതേന്ദ്ര ജേത്വ ഓർമ്മശക്തി വർധിപ്പിക്കുന്നതിനെപറ്റിയും, സഹോദരൻ ഖാർ സ്വയം സേവനത്തെ കുറിച്ചും, അതിൻെറ പ്രായോഗിക വസ്തുതകളെപറ്റിയും പങ്കാളികളുമായി ചർച്ച നടത്തി. ഇതേ തുടർന്ന് പങ്കാളികൾ പല ചെറു ജോലികളിലും ഏർപ്പെട്ടു. സ്വഭാവ രൂപികരണത്തിനുള്ള മൂല്യങ്ങളെപ്പറ്റിയും സഹജ മാർഗ്ഗത്തിലെ പ്രാർത്ഥന എങ്ങനെ ഒരാളുടെ മാറ്റത്തിനായി സഹായിക്കുന്നു എന്നും സഹോദരൻ സുരേഷ് രാജഗോപാൽ സംസാരിച്ചു.




രക്ഷിതാക്കളുടെ സമ്മർദ്ദമില്ലാതെ സ്വതന്ത്രമായി എന്തും തിരഞ്ഞെടുക്കുന്നതിനുള്ള ആവശ്യകതയെ പറ്റി പങ്കെടുത്തവർ അഭിപ്രായപ്പെട്ടപ്പോൾ, ഈ ശിൽപശാല രക്ഷിതാക്കൾക്കു കൂടി നടത്തണമോ എന്നു സംഘാടകർ ആശ്ചര്യം പൂണ്ടു.

## സഹജ ക്യാമ്പ് – ഹൈദരാബാദ്

2008 മെയ് 9 മുതൽ 11 വരെ ഒൻപതു വയസ്സിനും പതിനേഴ് വയസ്സിനും മദ്ധ്യേ പ്രായമുള്ള കുട്ടികൾക്കായി ഒരു സഹജ ക്യാമ്പ് ഹൈദരാബാദിൽ തുംകുണ്ട പ്രാദേശിക ആശ്രമത്തിൽ വെച്ച് നടത്തുകയുണ്ടായി. കുട്ടികളെല്ലാം വളരെ ഉത്സാഹത്തോടെ കളികളിലും മൂല്യങ്ങളുള്ളതും ചിന്തിപ്പിക്കുന്നതുമായ ചർച്ചാ വിഷയങ്ങളിലും ലൈബ്രറിയിൽ പുസ്തകം വായനയിലുമൊക്കെ പങ്കെടുത്തു. കടുത്ത ചൂട് കാരണം ഉച്ചയ്ക്കു ശേഷമുള്ള പരിപാടികളെല്ലാം അകമേയുള്ള കളികളിലും പ്രവൃത്തികളിലുമായി (ചെസ്സ്, വേദിക് ഗണിതം, കാരംസ് തുടങ്ങിയവ) ഒതുക്കി. സായാഹ്നത്തിൽ പുറമേയുള്ള കളികളിലേക്ക് വ്യാപിച്ചു. ചെറിയ കുട്ടികൾ രസകരമായ കളികളിൽ മുഴുകിയപ്പോൾ മുതിർന്ന കുട്ടികൾ അവർക്ക് ഇഷ്ടപ്പെട്ട കളികൾ സ്വയം തിരഞ്ഞെടുത്ത് അതിൽ മുഴുകി. ശനിയാഴ്ച വൈകിയിട്ടും ഞായറാഴ്ച ഉച്ചയ്ക്ക് ശേഷവും ഓരോ സിനിമ കുട്ടികൾക്കായി പ്രദർശിപ്പിക്കുകയുണ്ടായി. ഈ പരിപാടിയെക്കുറിച്ചുള്ള അഭിപ്രായങ്ങളും ആശയങ്ങളും തുറന്നു പറയുവാൻ കുട്ടികളെപ്രോത്സാഹിപ്പിച്ചു.

## ഇൻഡോർ




സഹജമാർഗ്ഗ കൃതികളിൽ അടങ്ങിയിരിക്കുന്ന അനന്തമായ ജ്ഞാനം എന്ന അമൂല്യ നിധിയെ മനസ്സിലാക്കുക എന്നതായിരുന്നു മെയ് 18–നു ഇൻഡോറിൽ വച്ച് നടന്ന യുവജന പരിപാടിയുടെ പ്രധാന ലക്ഷ്യം. ഈ പരിപാടിക്കു വേണ്ട ഒരുക്കങ്ങൾ മൂന്നാഴ്ച മുൻപ് തന്നെ തുടങ്ങിയിരുന്നു, ഇതിൽ പങ്കെടുക്കാനായി 25 യുവാക്കൾ തങ്ങളുടെ ഇഷ്ടം മുൻകൂട്ടി തന്നെ പ്രകടിപ്പിച്ചിരുന്നു. പങ്കെടുക്കുന്നവരെ പ്രേമം, വൈരാഗ്യം, ജ്ഞാനം, ഭക്തി എന്നീ സംഘങ്ങളായി വേർതിരിച്ചു. ഓരോ സംഘത്തിനും ഓരോ പുസ്തകം നൽകി അതു വായിച്ച് അതിലെ മുഖ്യാംശം അവതരിപ്പിക്കുവാനായി ആവശ്യപ്പെട്ടു. സഹോദരൻ സുരേന്ദ്ര ത്രിപാഠി, സഹോദരൻ ഭുപേന്ദ്ര ഭട്ടോർ, സഹോദരൻ അമിത് ഭട്ടോർ, സഹോദരൻ സചിൻ കേണ്ടകേർ എന്നിവരാണ് സംഘങ്ങളുടെ നേതൃത്വം വഹിച്ചത്. ഓരോ സംഘത്തിനും ഒരു മുതിർന്ന അഭ്യാസി സഹജ മാർഗ്ഗത്തിലുള്ള അവരുടെ ഉൾക്കാഴ്ച നൽകി സഹായിച്ചു. സഹോദരൻ രമാകാന്ത് അഗർവാളാണ് ഈ പരിപാടിക്ക് നേതൃത്വം നൽകിയത്, സഹോദരൻ രാജേഷ് രാവേർകറാണ് ഈ പരിപാടി അവതരിപ്പിച്ചത്.

ഒരു പുസ്തകത്തിനെപറ്റിയുള്ള വ്യത്യസ്തമായ വ്യാഖ്യാനങ്ങളും കാഴ്ചപ്പാടുകളും, അതിൽ ഊറി കിടക്കുന്ന സത്തയെ മനസ്സിലാക്കാൻ കഴിഞ്ഞതും ഒരു അമ്പരിപ്പിക്കുന്ന വസ്തുതയായിരുന്നു.അദ്ദേഹത്തിൻെറ അനുഗ്രഹത്താൽ നമ്മളെല്ലാവരും ആത്മീയമായി പുരോഗമിക്കുകയും, നമ്മളുടെ എല്ലാ മിഥ്യാധാരണകളിൽ നിന്നും മോചനം നേടുവാനും, ഈ ദൈവീകമായ ലേഖനങ്ങൾ മനസ്സിലാക്കുവാനും, അദ്ദേഹം ഇച്ഛരിക്കുന്ന രീതിയിൽ നമുക്കു വിനിമയം ചെയ്യുവാനും ഒരു ദിവസം സാധിക്കുമെന്ന് ഞങ്ങൾക്ക് ശക്തിയായി അനുഭവപ്പെട്ടു.

## ജയ്പൂർ സെൻററിലെ കുട്ടികളുടെ പരിപാടി

മെയ് പതിനൊന്നാം തിയ്യതി ജയ്പൂർ സെൻററിലെ 3 വയസ്സിനും 17 വയസ്സിനും ഇടയിൽ പ്രായമുള്ള 40 കുട്ടികളും യുവാക്കളും രണ്ടു മണിക്കൂർ നേരം അവരുടെ കഴിവുകൾ പ്രകടിപ്പിച്ചു. മൂല്യാധിഷ്ഠിതമായ കഥകൾ പറഞ്ഞും, കവിതകൾ ചൊല്ലിയും, മാസ്റ്ററോടുള്ള സ്നേഹമുളവാക്കുന്ന പാട്ടുകൾ പാടിയും അവർ കാണികളായ അഭ്യാസികളെരസിപ്പിച്ചു. "മതങ്ങൾ നമ്മെ വിഭജിക്കുന്നു എന്നാൽ ആത്മീയത ഒന്നിപ്പിക്കുന്നു", "ദൈവം എല്ലായിടത്തുമുണ്ട്" എന്നീ രണ്ട് ആശയങ്ങളെആസ്പദമാക്കിയുള്ള രണ്ട് നാടകങ്ങളും അവതരിപ്പിച്ചു. ഈ ഒരു ദിവസത്തിനു വേണ്ടിയായി എല്ലാ ഞായറാഴ്ചകളിലും കുട്ടികളുടെ സെൻററിൽ കുട്ടികൾ കുറേക്കാലമായി തയ്യാറെടുത്ത് വരികയായിരുന്നു.



കുട്ടികളുടെ നല്ല പ്രകടനത്താൽ പ്രോത്സാഹനം കിട്ടിയ കുറച്ച് അഭ്യാസികൾ കുട്ടികളോടൊപ്പം സംഘ ഗാനത്തിൽ പങ്ക് ചേർന്നു. എല്ലാം പര്യവസാനിക്കുമ്പോൾ മാസ്റ്ററുടെ സാന്നിധ്യം എല്ലാവർക്കും വളരെയധികം അനുഭവപ്പെട്ടു. കുട്ടികൾ തങ്ങളുടെ കഴിവുകൾ സ്റ്റേജിൽ പ്രദർശിപ്പിക്കുന്നതു കാണുവാൻ പറ്റിയത് എല്ലാവരേയും സന്തോഷിപ്പിചു. അതുപോലെ തന്നെ മാസ്റ്ററുടെ സ്നേഹത്തിലും സംരക്ഷണത്തിലും അവർ വളർന്നു വരുന്നത് എല്ലാവരെയും ആഹ്ലാദഭരിതരാക്കി.



SRCM

# ഇക്കോസ് ഇന്ത്യ

ജൂലായ് 2008 സ്വകാര്യ പ്രചരണത്തിനു മാത്രം വോല്യം 1 ലക്കം 4

## പ്രകാശ കേന്ദ്രങ്ങൾ

### പിത്തോറാഘർ –മറ്റൊരു ഹിമാലയൻ പ്രവേശന കവാടം

“പ്രകാശ കേന്ദ്രമെന്നാണ് ആശ്രമത്തെ ഞാൻ പറയാറുള്ളത്. പഴയ ഒരു സമ്പ്രദായ പ്രകാരം ഉചിതമായ സമയത്ത് ഈശ്വരൻ ചില കവാടങ്ങൾ തേജോലോകത്തേക്ക് തുറക്കുവാൻ അനുവദിക്കും. ഈ കവാടങ്ങൾ സ്ഥാപിക്കാനായി വരുന്ന മഹദ്വ്യക്തി തന്നെയാണ് ആദ്യത്തെ കവാടം. അദ്ദേഹം നമ്മെ പഠിപ്പിക്കുന്നു. സന്ദേശവും അദ്ദേഹം തന്നെയാണ് നൽകുന്നത്. ആത്മീയതയിലേക്കു വിളിക്കുന്നതും അദ്ദേഹം തന്നെ. മനുഷ്യർക്ക് ഒരുമിച്ച് ഒരിടത്ത് ഒത്തുകൂടി തങ്ങളുടെ യാത്ര ആരംഭിക്കുന്നതിനു വേണ്ടിയാണ് ആശ്രമങ്ങൾ പണിയുന്നത്.ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തിയാൽ യഥാർത്ഥത്തിൽ ആശ്രമങ്ങൾ തന്നെയാണ് തേജോലോകത്തേക്കുള്ള പ്രവേശന കവാടങ്ങൾ.“ ഇതു മാസ്റ്റർ, 2004 ഡിസംബർ 19–നു, പിത്തോറാഘർ ആശ്രമോദ്ഘാടന വേളയിൽ പറഞ്ഞതാണ്.



ഈ ആശ്രമം 5400 അടി ഉയരത്തിൽ പിത്തോറാഘർ ജില്ലയിൽ സത്കോലിൽ നിന്നും 150 കി.മി വടക്കു കിഴക്കായാണ് സ്ഥിതി ചെയ്യുന്നത്. മാസ്റ്റർ രൂപകൽപ്പന ചെയ്ത ഈ ആശ്രമം, ഉപഹിമാലയൻ മലനിരകൾക്കു നടുവിൽ ചിപ്പിയിൽ വളരുന്നൊരു മുത്തിനെപ്പോലെ കിഴക്കു നേപ്പാളും വടക്കു തിബറ്റുമായി സ്ഥിതി ചെയ്യുന്നു.




നിർമ്മാണത്തിനാവശ്യമായ എല്ലാ സാധനങ്ങളും ഏകദേശം 150 കി.മി. ദൂരത്തുനിന്നും വളരെ ഉയർന്ന ഈ സ്ഥലത്തെക്കു എത്തിക്കേണ്ടിയിരുന്നത് കൊണ്ടു തന്നെ ഈ ആശ്രമത്തിൻെറ നിർമ്മാണം ഒരു ഐതിഹാസിക യത്നമായിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ഏപ്രിൽ 2004–ലാണ് ആരംഭിച്ചത്. മാസ്റ്ററുടെ കൃപയാൽ റെക്കോർഡ് സമയമായ ഒൻപത് മാസങ്ങൾക്കുള്ളിൽ നിർമ്മാണം മുഴുമിപ്പിക്കാനും സാധിച്ചു. ഇവിടെ ഡോർമിറ്ററി സംവിധാനം ഇല്ലാത്തതിനാൽ അഭ്യാസികൾ മുൻകൂർ അനുവാദം കൂടാതെ ഇവിടം സന്ദർശിക്കരുത് എന്നാണ് മാസ്റ്ററുടെ നിർദ്ദേശം.





To subscribe to this Newsletter please visit http://www.srcm.org/centers/as/in/newsletter/index.jsp
For feedback, suggestions and news articles please send email to in.newsletter@srcm.org

© 2008 Shri Ram Chandra Mission ("SRCM"). All rights reserved.
“Shri Ram Chandra Mission", "Sahaj Marg", “SRCM”, “Constant Remembrance” and the Mission's Emblem are registered Trademarks of Shri Ram Chandra Mission.
This message may be edited for content and is intended exclusively for the members of SRCM.